

അഭിമുഖം

ഷമീം

*രണ്ടാം വർഷം ബി.എസ്.സി.ഫിസിക്സ്*

# പൂർവ്വ വിദ്യാർത്ഥി
# അദ്ധ്യാപക രക്ഷകർത്ത്യസമിതി ഭാരവാഹി
# ......... വിദ്യാഭ്യാസ മന്ത്രി.

## അഡ്വ. നാലകത്ത് സൂപ്പി



പുറത്ത് കരഞ്ഞ് പെയ്യുന്ന മഴയുടെ പ്രതിഷേധം വകവെക്കാതെ പെരിന്തൽമണ്ണയിലേക്കുള്ള ബസ്സ് അതിന്റെ പതിവ് സഞ്ചാരത്തിലാണ്. സീറ്റിലേക്ക് ചാരിയിരുന്ന് സുഹൃത്ത് ശംസീർ പറഞ്ഞു. ഉറക്കം വരുന്നെടോ......... ശരിയാണ്, തലേന്ന് നഗരത്തിലെ അലച്ചിലവസാനിക്കുന്നത് രാത്രി ഏറെ വൈകിയാണ്. തല ചായ്ക്കാനായി മനസ്സിൽ കണ്ടിടമെല്ലാം രാത്രിയുടെ ഇരുളിൽ അടഞ്ഞു കിടന്നപ്പോൾ തുണയായത് സുഹൃത്ത് നസ്റുദ്ദീന്റെ ആതിഥ്യമാണ്. ഏറെ ക്ഷീണിച്ചിരുന്നെങ്കിലും ഉറക്കം കിടക്കപ്പായയെ പുണരാനെത്തിയില്ല. വിദ്യാഭ്യാസമന്ത്രിയുമായി പിറ്റേന്ന് നടത്തേണ്ട മുഖാമുഖത്തിന്റെ ചിത്രം വരക്കുകയായിരുന്നു മനസ്സും, മിഴികളും............

അനുവദിക്കപ്പെട്ട ദൂരം ഓടിത്തീർന്നപ്പോൾ സമയം എട്ടുമണി. വള്ളുവനാടൻ വഴികളിൽ മഴയുടെ കണ്ണീർപാടുകൾ അപ്പോഴും ഉണങ്ങിയിരുന്നില്ല. നഗരത്തിൽ നിന്നല്പമകലെ റസുമിൻ മൻസിലിൽ ഞങ്ങളെത്തുമ്പോൾ, വസ്ത്രം മാറി, തിരക്കിട്ട് കാറിനടുത്തേക്ക് നീങ്ങുന്ന സൂപ്പിസാഹിബിനെയാണ് കണ്ടത്. മനസ്സൊന്ന് പിടഞ്ഞു; പടച്ചവനേ ഞങ്ങളുടെ കാര്യം തിരക്കിനിടയിൽ മറന്നതാവുമോ................ ഇന്ന് വരാൻ പറഞ്ഞ കാര്യമുണർത്തിയപ്പോൾ വിദ്യാഭ്യാസമന്ത്രിയുടെ ഔപചാരികതകൾക്കപ്പുറത്ത് നിന്ന് ഞങ്ങളോട് പറഞ്ഞു. "കാറിൽ കയറൂ.... കാറോടിത്തുടങ്ങി.."അടുത്തൊരു മരണവീടുണ്ട്, അവിടെപോകണം, പിന്നെ തിരൂർക്കാട്ടൊരു കല്ല്യാണം......... "ഔപചാരികതയുടെ ചട്ടവട്ടങ്ങൾക്കതീതമായ ഹൃദയബന്ധങ്ങളുടെ കൈവഴികളിലൂടെ ഞങ്ങളൊഴുകി.

കാലത്തിന്റെ പഴയ പാത യോരത്തിൽ ഓർമകൾ തീർത്ത അനുഭവങ്ങൾ ഞങ്ങളുമായി പങ്ക്വെയ്ക്കാൻ തുടങ്ങി

"ഫാറൂഖ്കോളേജിനെ കുറിച്ചോർക്കുമ്പോൾ ആദ്യമായി, ഓർമ്മവരുന്നത്, പ്രിൻസിപ്പാളായിരുന്ന ജലീൽ സാഹിബിനെയാണ്. അദ്ദേഹം പ്രിൻസിപ്പാളായിരുന്ന കാലത്തെ അച്ചടക്കം ഏറെ പ്രശംസനീയമായിരുന്നു.

മലബാറിന്റെ ഉന്നതവിദ്യാഭ്യാസരംഗത്ത് ഒരു Minority Institution എന്നതിലുപരി മറ്റെന്തൊക്കെയോ ആവാൻ ഫാറൂഖ്കോളേജിന് കഴിയുന്നതിൽ ഞാൻ അഭിമാനിക്കുന്നു.

ഏറെകാലത്തെ ശാന്തമായ ഹോസ്റ്റൽ ജീവിതം ഫാറൂഖ്കോളേജിലെനിക്കുണ്ടായിട്ടുണ്ട് . ആദ്യം സർ സയ്യിദിലായിരുന്നു താമസം. പിന്നീടെപ്പോഴോ, ആസാദിലെ റൂം നമ്പർ പത്തിലേക്ക് മാറുകയായിരുന്നു. രാത്രിയുടെ ഭീകരമായ നിശബ്ദത, ഫാറൂഖ്കോളേജിലെ ഹോസ്റ്റൽ നിവാസികൾക്ക് അന്നേറെ അനുഭവിച്ചറിയാൻ കഴിഞ്ഞു.''

കൃത്യമായി കുളിക്കുകയോ, പല്ലുതേക്കുകയോ ചെയ്യാതിരുന്നവനെയാണ് എനിക്ക് റൂമേറ്റായി ലഭിച്ചത്. പിന്നീടയാൾ പേരുകേട്ട ഒരു ഡോക്ടറായത് എന്നെ അത്ഭുതപ്പെടുത്തി.




ഞങ്ങൾ 'ചോദ്യം ചെയ്യൽ' ആരംഭിച്ചു.

ഭരണരംഗത്തിന്റെ ഉന്നതപാടവുകൾ ചവട്ടിക്കയറുമ്പോൾ, ഫാറുഖ്കോളേജിന്റെ സംഭാവനയെന്ത്?

വ്യത്യസ്ത സംസ്ക്കാരങ്ങളും, വ്യക്തിത്വങ്ങളും സമ്മേളിക്കുന്ന ഫാറൂഖ്കോളേജ്, എന്റെ രാഷ്ട്രീയ വളർച്ചയിൽ ഏറെ സഹായിച്ചിട്ടുണ്ട്. ഒരു കണക്കിന് ഈ മിംഗ്ലിംങ്ങ് ആണ് ഫാറുഖ്കോളേജിന്റെ പ്രത്യേകത.

ഫാറുഖ്കോളേജിൽ നിന്ന് പുറത്ത് വരുന്നവർക്ക് എന്നും ആദരവോടെ മാത്രമേ ഈ സ്ഥാപനത്തെ ഓർക്കാൻ കഴിയൂ. ഓൾഡ് ഫാറൂഖിയൻ ആവേശകരമായ ഒരോർമയാവുന്നു.

എന്റെ ഫാറൂഖിയൻ ഓർമകൾ ലൈബ്രറി ഹാളുമായി കെട്ട് പിണഞ്ഞ് കിടക്കുന്നു.

പിന്നീട് സംസാരം വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ചായി........

ഉന്നത വിദ്യാഭ്യാസത്തെ രണ്ടുഘട്ടങ്ങളിലായി കാണാനാണ് ഞാനാഗ്രഹിക്കുന്നത്. പ്ലസ്ടുതലം, യൂനിവേഴ്സിറ്റിതലം എന്നിങ്ങനെ. പ്ലസ്ടു പ്രശ്നങ്ങൾ, അടിസ്ഥാനപരമാണെങ്കിൽ യൂണിവേഴ്സിറ്റി തലത്തിൽ അത് സാങ്കേതിക പരമാണ്.

യൂണിവേഴ്സിറ്റിയുടെ ഒട്ടോണമിയെ ചോദ്യംചെയ്യാൻ ആഗ്രഹിക്കുന്നില്ല. ഉത്തരവാദിത്തമില്ലായ്മയും, കെടുകാര്യസ്ഥതയും പക്ഷേ ഈ മേഖലയിൽ അംഗീകരിക്കാനാവില്ല. സർവ്വകലാശാലകളുടെ ഏകീകരണം എന്നതുകൊണ്ട് പരീക്ഷകളുടെയും,സിലബസുകളുടെയും ഏകീകരണമാണുദ്ദേശിക്കപ്പെടുന്നത്. പരീക്ഷകളുടെ ഏകീകരണം അത്യന്താപേക്ഷിതമാണ്. ഒരു യൂണിവേഴ്സിറ്റി വിട്ടു മറ്റൊരു യൂണിവേഴ്സിറ്റിയിൽ ചേരുമ്പോൾ പരീക്ഷാസമയത്തിൽ വരുന്ന മാറ്റങ്ങൾ പ്രതികൂല സാഹചര്യം സൃഷ്ടിക്കുന്നു.

പഠിക്കേണ്ടവർക്ക് പഠിക്കാനുള്ള അവസരമൊരുക്കുക എന്നതാണ് നമ്മുടെ നയം, ഒന്നുമുതൽ പത്തുവരെ പഠിക്കാനുള്ള സാഹചര്യം പോലെ, 12 വരെയും ഉണ്ടാവണം. 50% വിദ്യാർത്ഥികൾക്കും, ഇപ്പോൾ പ്ലസ്ടു പഠിക്കാനുള്ള സാഹചര്യം നിലവിലില്ല. സുപ്പിസാഹിബ് പറഞ്ഞ് നിർത്തി.

സലീം
ഒന്നാം വർഷം എം. എ ഹിസ്റ്ററി

# കമലിന്റെ സിനിമ

**കോ**ഴിക്കോട് മഹാറാണിയിലെ സുപ്രഭാതം. യാദൃച്ഛികമായാണ് താഴെ നിലയിൽ മലയാളികളുടെ ഇഷ്ടസംവിധായകൻ കമലിനെ കാണുന്നത്. ലൊക്കേഷനിലേക്ക് ഇറങ്ങുകയായിരുന്ന കമലിന്റെ മുന്നിലേക്ക് ചിത്രഭൂമിയിലെ സഹദേവേട്ടന്റെ ശിഷ്യത്വം പറഞ്ഞ് ചെന്നപ്പോൾ വൈകുന്നേരം കൂടികാഴ്ചക്ക് സമ്മതിച്ചു. നിശ്ചയിച്ച എല്ലാ പ്രോഗ്രാമുകളും തകിടം മറിയുമെന്ന ഷമീമിന്റെ അന്ത്യശാസനം കൂടിയായപ്പോൾ പ്രിൻസിപ്പാൾക്ക് വിളിക്കുകയല്ലാതെ നിർവ്വാഹമുണ്ടായിരുന്നില്ല. ഭാഗ്യത്തിന് പാഷസാർ ജോഗിങ്ങിന് ഇറങ്ങിയിട്ടുണ്ടായിരുന്നു. സംയുക്ത വർമ്മ മുതൽ ബിജുമേനോൻ വരെയുള്ള നടീനടന്മാരെ തിരക്കിട്ട നിമിഷത്തിൽ ഏറെ പ്രത്യേകതയുള്ള ഒട്ടേറെ സിനിമകൾ മലയാളികൾക്ക് സമ്മാനിച്ച കമലുമായി കാമ്പസും സിനിമയും ബന്ധിപ്പിച്ച് നടത്തിയ ഹൃസ്വ കൂടികാഴ്ചയിൽ നിന്ന്.

*കാമ്പസിന്റെ ഇഷ്ടവിഷയമായ റൊമാൻസ് ആണല്ലോ ഒട്ടുമിക്ക ചിത്രങ്ങളുടെയും ഇതിവൃത്തം, കാരണം?*

മനുഷ്യർ എല്ലാവരും റൊമാന്റിക് ആണ്. സിനിമയുടെ ബ്യൂട്ടിതന്നെ റൊമാൻസ് ആണ്. റൊമാൻസ് എന്നതുകൊണ്ട് പ്രണയം മാത്രമല്ലല്ലോ നിങ്ങൾ ഉദ്ദേശിക്കുന്നത്, ഇവിടെയെല്ലാം കാൽപ്പനിക രീതിയിലാണ് കാണുന്നത്. ജീവിതത്തിൽ എല്ലാറ്റിലും നമുക്ക് സൗന്ദര്യം കണ്ടെത്താം. വേദന

യിൽ പോലും ഞാൻ സൗന്ദര്യം കണ്ടെത്താറുണ്ട്. ഇതെല്ലാമാണ് ഈ റൊമാന്റിക് ടച്ചിനുള്ള കാരണം.

*മലയാള സിനിമയിൽ ഗാനരംഗം വരുമ്പോൾ കാമ്പസും ടീനേജുമെല്ലാം ബാത്റൂമിനെ ശരണം പ്രാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവുമല്ലോ എന്നാൽ സാറിന്റെ ചിത്രത്തിലെ ഗാനങ്ങൾ ഏറെ മനോഹരങ്ങളാണ്. നിങ്ങൾ കമ്പോസിങ്ങ് മികച്ചതാക്കുന്നതെങ്ങിനെ?*

കുട്ടിക്കാലം മുതലേ എനിക്ക് പാട്ടിനോട് ആരാധനയായിരുന്നു. പഴയകാലത്ത് സമ്പന്നമായൊരു ഗാനശകലം നമുക്കുണ്ടായിരുന്നു. ഈ ഗാനങ്ങളാണ് എന്നെ സിനിമയിലേക്ക് ആകർഷിച്ചത്. വിശദമായി പറഞ്ഞാൽ റേഡിയോ ചലച്ചിത്ര ഗാനങ്ങൾ. അന്നത്തെ ഗാനങ്ങൾ പലതും ദൃശ്യവൽക്കരിച്ചത് മോശമായിരുന്നു. സിനിമയിൽ ഞാൻ ആദ്യമായി ആലോചിക്കുന്നത് ഗാനങ്ങളാണ്. പലരും ഷൂട്ടിങ്ങിന്റെ അവസാനത്തെ രണ്ടോ മൂന്നോ ദിനങ്ങളാണ് ഗാന ചിത്രീകരണത്തിന് നീക്കിവെക്കുന്നത്. എന്നാൽ ഞാൻ സിനിമയുടെ അതേ പ്രാധാന്യത്തിൽ ഗാനങ്ങളും ചിത്രീകരിക്കുന്നു.

*നിറം കാമ്പസിന് യഥാർത്ഥ കാമ്പസുമായി ബന്ധമില്ല എന്നതല്ലേ ശരി? ഇന്നത്തെ കാമ്പസുമായി ബന്ധപ്പെട്ടൊരു ചിത്രം ഇനിയെങ്കിലും ചെയ്തുകൂടെ?*


സത്യത്തിൽ നിറത്തിലൂടെ കാമ്പസ് ജീവിതം പുറത്ത് കൊണ്ട് വരിക എന്നതല്ല ഞാൻ ഉദ്ദേശിച്ചത്. ഇതേ സുഹൃത്തുക്കൾക്ക് വേണമെങ്കിൽ രണ്ട് ഓഫീസ് ജീവനക്കാരായും പ്രണയിക്കാമായിരുന്നു. ഇന്നത്തെ കാമ്പസിൽ സിനിമക്ക് പറ്റിയൊരു വിഷയം തന്നാൽ തീർച്ചയായും സിനിമയാക്കാം, പക്ഷെ അങ്ങിനെയൊന്ന് ഇന്ന് കാമ്പസുകളിൽ ഇല്ല എന്നതാണ് ശരി.

*പ്രണയവർണ്ണങ്ങളിൽ സിബിസാറും നിറത്തിൽ നിങ്ങളുമെല്ലാം ചിത്രീകരിച്ചിരിക്കുന്നത് പതിറ്റാണ്ടുകൾക്ക് മുമ്പള്ള കാമ്പസാണ്. എന്തുകൊണ്ട് നിങ്ങൾക്കൊന്നും ഇന്നിന്റെ കാമ്പസിനെ പ്രസ്തുത സിനിമകളിൽ ചിത്രീകരിക്കാൻ കഴിയാതെ പോയി?*

ഇന്നത്തെ കാമ്പസുകളെ ചിത്രീകരിച്ചാൽ അതൊരു ഡോക്യുമെന്ററിയാക്കി മാറ്റേണ്ടിവരും. മുമ്പാകെ പഠനം പൂർത്തിയാക്കിയ ശേഷമേ ജോലിയും ഉത്തരവാദിത്തങ്ങളുമെല്ലാം ചിന്തിക്കാറുള്ളു. ഇന്ന് ഡിഗ്രിക്ക് പഠിക്കുമ്പോളേ വിദ്യാർത്ഥികളിൽ വല്ലതുമൊക്കെ ആവണമെന്ന ചിന്തയാണ്. പ്രാക്ടിൽ ചിന്തയുടെ ഈ ലോകത്ത് ലാഭം മാത്രം കണ്ടുള്ള പ്രണയമല്ലേയുള്ളത്. ഇത്തരമൊരു കാമ്പസിൽ നിന്ന് നല്ലൊരു സിനിമയുടെ കഥാതന്തു കിട്ടുന്നില്ല.

*ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ സാമ്പത്തിക ശാസ്ത്രം ഡിഗ്രി വിദ്യാർത്ഥിയായപ്പോഴുള്ള കാമ്പസും ഇന്നത്തെ കാമ്പസുമൊന്ന് താരതമ്യം ചെയ്യുമോ?*

അടിയന്തിരാവസ്ഥയിലാണ് എന്റെ ആ കാമ്പസ് ജീവിതം. ഇന്നത്തെ കാമ്പസ് ചെത്തിന്റെയും അടിപൊളിയുടെയും ത്രില്ലിലാണെങ്കിൽ അന്ന് ഞങ്ങൾ നക്സലിസം പോലുള്ള വിപ്ലവ പ്രസ്ഥാനങ്ങളുടെ ത്രില്ലിലായിരുന്നു. ജയൻ തരംഗത്തിന് മുമ്പള്ള കമലഹാസൻ തരംഗമായിരുന്നു അക്കാലത്ത്. ഞാനൊക്കെ മുടിയെല്ലാം തോളറ്റംവരെ നീട്ടിയിരുന്നു. കാമ്പസിനെ സീരിയസ്സായിട്ടായിരുന്നു കണ്ടിരുന്നത്. ഇന്നത്തെ ന്യൂക്ലിയാർ ഫാമിലിയിൽ രക്ഷിതാക്കൾ വിദ്യാർത്ഥിയുടെ കാമ്പസ് ജീവിതം മനസ്സിലാക്കാറുണ്ട്. എന്നാൽ ഞങ്ങളെല്ലാം ''ഫ്രീബേർഡ്സ്'' ആയിരുന്നു. പട്ടിണി, ദാരിദ്ര്യം പോലുള്ള അന്നത്തെ തീഷ്ണമായ അനിഭവങ്ങളും ഇന്നില്ല.



*കുഞ്ചാക്കോബോബന് ശേഷം കാമ്പസിൽ നിന്നു പുതുതാരങ്ങൾക്ക് അവസരം നൽകാത്തതിന് കാരണം?*

നിർമ്മാതാക്കൾ ഒരു പരീക്ഷണത്തിന് തയ്യാറാവുന്നില്ല എന്നതാണ് പ്രശ്നം. കൂടാതെ കഴിവുള്ളവരെ കണ്ടെത്താൻ കഴിയാത്തതും കാരണമാണ്. സിനിമയെ കാമ്പസ് സീരിയസ്സായി കാണുന്നില്ല എന്നതാണ് സത്യം. നീലചിത്രങ്ങൾ കാണുന്ന പ്രേക്ഷകരിൽ 90% പേരും കൗമാരക്കാരും കോളേജ് വിദ്യാർത്ഥികളുമാണ്. മറ്റു രാജ്യങ്ങളിൽ മുതിർന്നവർ ചെയ്യുന്നത് ഇവിടെ കൗമാരക്കാരൻ ചെയ്യുമ്പോൾ അത് ഏറെ അപകടകരമാണ്.

*ചലച്ചിത്ര ലോകത്തേക്ക് കാലെടുത്ത് വെക്കാനുദ്ദേശിക്കുന്ന വിദ്യാർത്ഥിയോടുള്ള നിർദ്ദേശം.*

ആദ്യമവന് തന്നെ കുറിച്ചൊരു ബോധം വേണം. ഞാനാര് എന്ന് അറിഞ്ഞിരിക്കുകയും വേണം. ആദ്യം തന്നെ മോഡലാവണം. കുഞ്ചാക്കോ ബോബനാവണം എന്നൊന്നും ചിന്തിച്ചിട്ട് കാര്യമില്ല. കഠിനമായ പരിശ്രമമുണ്ടെങ്കിൽ ഈ രംഗത്തും വിജയം കണ്ടെത്തും. ●